# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **911** **11.03.2015** - ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ല അതിരൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം പാലക്കാട് ജില്ലയ്ക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കുവാൻ ആലോചിച്ചി ട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) ഇപ്പോൾ ആലോചനയിലില്ല. |
| (സി) ജില്ലയിലെ കുളങ്ങളും ജല സംഭരണികളും ആശങ്കാജനകമായ വിധത്തിൽ ജല ദൗർലഭ്യം നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) വേനൽമഴ കാര്യമായി ലഭിക്കാത്തതിനാൽ ജലസ്രോതസ്സുകളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജലസംഭരണം കുറവായിട്ടുണ്ട്. |
| (ഡി) നബാർഡ് സഹായത്തോടെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പമെന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലയിലെ കുളങ്ങളും കിണറുകളും അടിയന്തിരമായി സംരക്ഷിക്കുന്നതിനും ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഭരണാനുമതി നൽകുമോ; എത്ര രൂപ ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി സർക്കാർ ജനപ്രതിനിധികളുടെ അടിയന്തിര യോഗം വിളിച്ചു ചേർക്കുമോ; എങ്കിൽ എന്ന്; വിശദാംശം നൽകുമോ | (ഡി) കുളങ്ങളുടെയും നദികളുടെയും സംരക്ഷണവും പരിപാലനവും ചെയ്യുന്നതിനു വേണ്ടി നബാർഡിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ